വായ്പയ്ക്ക് കടാശ്വാസ കമ്മീഷന് ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചതു പ്രകാരം ഹിയറിംഗ് നടക്കുമ്പോൾ രണ്ട് വായ്പകളിലുമായി മുതലും പലിശയുമായി 45300 രൂപ ബാക്കി നിൽപ്പുണ്ടായിരുന്നു. കടാശ്വാസ കമ്മീഷൻ 306706/08/എ.ഡി. നമ്പർ അപേക്ഷയിന്മേൽ നൽകിയ അവാർഡിൽ 15000 രൂപ വായ്പക്കാരൻ അടയ്ക്കുന്നതിനും 300 രൂപ ബാങ്ക് ഇളവ് നൽകുന്നതിനും 30000 രൂപയുടെ ബാധ്യത സർക്കാർ ഏറ്റെടുത്തും ഉത്തരവായിരുന്നു. വായ്പക്കാരൻ 28-4-2010-ന് വായ്പക്കാരന്റെ വിഹിതം അടച്ചത് പ്രകാരം ടിയാന് അന്നേ ദിവസം തന്നെ പണയാധാരങ്ങൾ ബാങ്ക് തിരികെ നൽകിയിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത ബാധ്യതയായ 30,000 രൂപ 6-10-2010-ലെ ജി.ഒ.(എം)എസ്.) 264/10/എ.ഡി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിരുന്നു. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി ടി യുകയുടെ അർഹത ഉറപ്പാക്കുന്നതിനുള്ള വകുപ്പുതല പരിശോധനയിൽ എം.ടി.എൻ.എ. വായ്പ അവസാനിപ്പിച്ചിട്ടുണ്ടെന്ന് കണ്ടെത്തിയതിനാലും എസ്.ടി.എൻ.എ. വായ്പയിൽ ബാക്കി നിൽപ്പുള്ള കാര്യം ബാങ്ക് പരിശോധനാ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്താത്തതിനാലുമാണ് സർക്കാർ ആനുകൂല്യം ബാങ്കിന് അനുവദിച്ച് നൽകാതിരുന്നത്.

സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ

82 (3236) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേനയുള്ള ചെറുകിട വായ്പകൾ അപേക്ഷിച്ചാലുടൻ തന്നെ ലഭിക്കുവാൻ എന്തെല്ലാം നടപടികളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരം സഹകരണ ബാങ്ക്/സംഘങ്ങൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വായ്പയെടുക്കുന്നതിന് ജാമ്യം നൽകാൻ കഴിയാത്തവർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

കച്ചവടക്കാർ, തലച്ചുമടായി കച്ചവടം ചെയ്യുന്നവർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തിക ശേഷിയില്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാനവർഗ്ഗ വിഭാഗക്കാരെ കൊള്ളപ്പലിശക്കാരുടെ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനുമായി 10,000 രൂപ വരെയുള്ള ചെറുകിട വായ്പകൾ നൽകുന്നതിനും ചെറുകിട കച്ചവടാവശ്യത്തിനും തലച്ചുമടായി കച്ചവടം ചെയ്യുന്നവർക്കും 5000 രൂപ വരെ സ്വന്തം ജാമ്യത്തിന്മേൽ വായ്പ നൽകുന്നതിനുള്ള വായ്പാ പദ്ധതി സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 5000 രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 2 ദിവസത്തിനകം സംഘം ചീഫ് എക്സിക്യൂട്ടീവും 5000 രൂപ മുതൽ 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 5 ദിവസത്തിനകം ചീഫ് എക്സിക്യൂട്ടീവിന്റെ ശിപാർശയിൽ സംഘം പ്രസിഡന്റിനും അനുവദിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക വായ്പാ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് എന്നിവ മുഖേനയാണ് പ്രസ്തുത വായ്പാ പദ്ധതി നടപ്പിലാക്കുന്നത്.

(സി) സഹകരണ സംഘം രജിസ്ട്രാർ 25/14 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകി അംഗീകാരം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ അംഗങ്ങൾക്കും ഇടപാടുകാരായ മറ്റ് പൊതുജനങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങളുടെ/ബാങ്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയും പ്രവർത്തിപ്പിക്കുന്നതിനും ഇടതടെ ഞായറാഴ്ചകളിൽ രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ " സൺഡേ ബാങ്കിംഗ് " നടത്തുന്നതിനും അനുമതി നൽകി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സഹകരണ നിക്ഷേപക ഗ്യാരന്റി സ്കീം

82 (3237) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിക്ഷേപക ഗ്യാരന്റി സ്കീമിൽ ചേരാൻ ഏതെല്ലാം തരം സഹകരണ ബാങ്കുകൾക്കാണ് അർഹതയുള്ളതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly